(ബി) നിയമിച്ചു;

(സി) ആരെയൊക്കെയാണ് മെഡിക്കൽ വകുപ്പിലേക്ക് എടുത്തത്;

(ഡി) ഹെൽത്ത് സെന്ററിൽ നിയമിക്കുവാൻ പ്രത്യേകം പരിശീലനം നല്കിയിട്ടുള്ളവർ ആരെല്ലാം;

(ഇ) ഇങ്ങിനെ പ്രത്യേക പരിശീലനം കഴിച്ചവരെ ഹെൽത്ത് സെന്ററിൽനിന്നും മെഡിക്കൽ ഡിപ്പാർട്ട്മെന്റിലേക്കു നിയമിച്ചിട്ടുണ്ടോ;

(എഫ്) ഇപ്പോൾ ഹെൽത്ത് സെന്ററുകളിലുള്ള ഡോക്ടർമാരിൽ ആരെങ്കിലും ആ വിഷയത്തിൽ പ്രത്യേക പരിശീലനം കഴിച്ചിട്ടുള്ളവർ ഉണ്ടോ;

(ജി) ഉണ്ടെങ്കിൽ ആർ;

(എച്ച്) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ നിന്ന് മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു എടുത്തിട്ടുള്ളതു് ഏതെല്ലാം ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടാണ്?

ഡോക്ടർ എം. ആർ. മേനോൻ:

(എ) രണ്ടു്.

(ബി) നെന്മാറ ആശുപത്രിയിലും മട്ടാഞ്ചേരി വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രിയിലും.

(സി) നെന്മാറ ഹെൽത്ത് സെന്ററിലെ മെഡിക്കൽ ആഫ്സറായിരുന്ന ശ്രീമതി എം. പാറുക്കുട്ടിയമ്മയേയും കുന്നംകുളം ഹെൽത്ത് സെന്ററിലെ മെഡിക്കൽ ആഫ്സറായിരുന്ന മിസ്സ് പി. കെ. കുഞ്ഞിലാക്കുട്ടിയേയും.

(ഡി) ആരും ഇല്ല.

(ഇ), (എഫ്) & (ജി) ഉത്തരം ആവശ്യമില്ല.

(എച്ച്) നിയമിച്ച ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരെ മെഡിക്കൽ വകുപ്പിലേക്കെടുത്തുവെന്നല്ലാതെ വേറെ കാരണങ്ങളൊന്നും അടിസ്ഥാനപ്പെടുത്തിട്ടില്ല.

PANANCHERI PANCHAYAT—CHANDIKULAM—DISPOSAL OF FUNDS ALLOTTED FOR IMPROVEMENT

461. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ.—

(എ) പാണഞ്ചേരി പഞ്ചായത്തിൽപ്പെട്ട ചണ്ടിക്കുളം നന്നാക്കുന്നതിനു ഫ്ലഡ്-ൽ അനുവദിച്ച സംഖ്യയിൽ എത്രയും ചിലവു ചെയ്തതിനുശേഷം കുളം ദേവസ്വം വകയാണെന്നു പറഞ്ഞു നിർത്തിവെച്ചതിനുശേഷം അതിൽ ബാക്കിയുണ്ടായിരുന്ന പണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ സംഖ്യ കൂട്ടാല റോഡു പണിക്കല്ലെ വിനിയോഗിച്ചതു്;

(സി) ആ റോഡു പൊതുജനങ്ങൾക്കു പരക്കെ പ്രയോജനമുള്ളതാണോ;

(ഡി) എതു സംഖ്യയാണു് ആ വഴിപ്പണിക്കു ചിലവാക്കീട്ടുള്ളതു്;

(ഇ) ജലസേചനത്തിനു നീക്കിവെച്ചിട്ടുള്ള സംഖ്യ ഗതാഗതത്തിനോ, ഗതാഗതസൌകര്യമുണ്ടാക്കുന്നതിനു നീക്കിവെച്ചിട്ടുള്ള സംഖ്യ ജലസേചനസൌകര്യങ്ങൾക്കൊ ഇതും മാറ്റി ചിലവു ചെയ്യാൻ ഗവമ്മെണ്ടു് അനുവദിക്കാറുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഈ സംഗതിയിൽ പോളിസിക്കു വിപരീതമായി പ്രവൃത്തിപ്പാനുണ്ടായ പ്രത്യേക കാരണങ്ങൾ ഏവ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ക. ഉ ണ്ട്.

(ബി) അതെ.

(സി) അതെ.

(ഡി) ക. ൧൦൫.

(ഇ) സാധാരണയായി ഇല്ല. പ്രത്യേക കാരണങ്ങളാൽ ചിലപ്പോൾ സമ്മതിക്കാറുണ്ടു്.

(എഫ്) ഉപചോദ്യം (ഇ) യുടെ മറുപടിയാൽ ഈ ചോദ്യത്തിന്നു മറുപടി ആവശ്യമില്ല.

MAYANNUR-PYNKULAM ROAD—DIVERSION OF FUNDS

462. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) മായന്നൂർ-പൈങ്കുളം റോഡുപണിക്കായി ൧,൭൫൦ ക. ചിലവുചെയ്യുവാൻ തീർച്ചയാക്കീട്ടുണ്ടൊ;

(ബി) ആ സംഖ്യ ഏതിനത്തിൽനിന്നാണു് എടുത്തിട്ടുള്ളതു്;

(സി) പാമ്പാടി റോഡിന്റെ പണിക്കു് എതു സംഖ്യ നിശ്ചയിച്ചിട്ടുണ്ടു്;

(ഡി) അതിനുള്ള സംഖ്യ ബഡ്ജറിൽ ഏതിനത്തിൽ കൊള്ളിച്ചിരിക്കുന്നു;

(ഇ) ഈ രണ്ടു വഴിപ്പണികളും ൧൯൪൭-ൽതന്നെ പണികഴിച്ചു പൂർത്തികരിപ്പാൻ വിചാരിക്കുന്നുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ആ സംഖ്യ മുതിരോടേക്കു് ഒരു റോഡു ഉറക്കുന്നതിനുദ്ദേശിച്ചിട്ടുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly